STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.224/PR/SPMC/PHQ/2026 Date:08.06.2026

# 44 വനിതാ പോലീസ് കോൺസ്റ്റബിൾമാർ കർമ്മപഥത്തിലേയ്ക്ക്

കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 21എ ബാച്ചിലെ 44 റിക്രൂട്ട് വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ പാസിംഗ് ഔട്ട് പരേഡിൻറെ അഭിവാദ്യം ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി ദിനേന്ദ്ര കശ്യപ് സ്വീകരിച്ചു.

ഒൻപതുമാസത്തെ അടിസ്ഥാന പരിശീലനമാണ് ഇവർക്ക് നൽകിയത്. സജന യൂസഫ് നയിച്ച പരേഡിൻറെ സെക്കൻഡ് ഇൻ കമാൻഡ് ഷഫ്ന എം. ആയിരുന്നു. ചടങ്ങിൽ പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി പുരസ്കാരം വിതരണം ചെയ്തു.

മികച്ച ഇൻഡോർ കേഡറ്റ് ആയി തെരഞ്ഞെടുക്കപ്പെട്ടത് ഫാത്തിമബീവി ജെ യാണ്. മികച്ച ഔട്ട്ഡോർ കേഡറ്റായി സജന യൂസഫ് തെരഞ്ഞെടുക്കപ്പെട്ടു. മാജിത വൈ യാണ് മികച്ച ഷൂട്ടർ. മികച്ച ആൾ റൗണ്ടറായി ഫസല സി.എം തെരഞ്ഞെടുക്കപ്പെട്ടു .

ശാസ്ത്രസാങ്കേതിക വിദ്യയുടെ സഹായത്തോടെ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനായി ഫോറൻസിക് സയൻസ്, ഫോറൻസിക് മെഡിസിൻ, പീനോളജി, വിക്ടിമോളജി, സൈബർ ഫോറൻസിക് എന്നീ വിഷയങ്ങളിലും പരിശീലനം നൽകിയിട്ടുണ്ട്.

സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ജെൻഡർ ന്യൂട്രൽസ് തുടങ്ങിയവരോടുള്ള പെരുമാറ്റം, പരിസ്ഥിതിക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയൽ തുടങ്ങിയവ പോലീസിന്റെ മാനവിക മുഖത്തിന്റെ സാക്ഷ്യം കൂടിയാണ്.

കേരള പോലീസ് അക്കാദമി ഡയറക്ടർ ഐ.ജി.പി കെ സേതുരാമൻ, മറ്റ് ഉന്നത പോലീസുദ്യോഗസ്ഥർ, ജനപ്രതിനിധികൾ സംബന്ധിച്ചു.

******************************


Mahindra




I.P.S.

